**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2353** **04-03-2025 - ൽ മറുപടിയ്ക്ക്**

**വടകര-വില്യാപ്പള്ളി-ചേലക്കാട് കിഫ്ബി റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേനയുള്ള വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തിയുടെ ഡി.പി.ആറിന് അംഗീകാരം നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ വടകര – വില്യാപ്പിള്ളി – ചേലക്കാട് റോഡ് പ്രവൃത്തിക്ക് 10.07.2017 ലെ GO (Rt) No. 942/2017/PWD പ്രകാരം 31 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. കെ.ആർ.എഫ്.ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. കെ.ആർ.എഫ്.ബി സമർപ്പിച്ച ഡി പി ആർ പരിശോധിച്ച് 01.12.2020 ൽ 58.299 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ DSoR റേറ്റ് റിവിഷൻ, KWA, KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗുകളുടെ അധിക ചെലവ്, R&R പാക്കേജ്, GST റിവിഷൻ മുതലായവ കാരണം ഈ തുക മതിയാകാതെ വന്നതിനാൽ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ കെ.ആർ.എഫ്.ബി കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് 27.02.2025 ൽ 77.21 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രവൃത്തി നടപ്പാക്കുന്നതിന്റെ ഭാഗമായി ആധുനിക നിർമ്മാണ രീതികൾ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ Ch. 0/000 to 5/700 & Ch. 14/154 to Ch. 15.984 വരെ, 7.53 കി.മീ. Conventional രീതിയിലും Ch. 5/700 മുതൽ Ch. 14/154 വരെ, 8.454 കി. മീ. FDR സാങ്കേതിക വിദ്യ ഉപയോഗിച്ചും നടപ്പിലാക്കുന്നതിനാണ് നിലവിൽ വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ